12 (1603) തിരുവനന്തപുരം വി.ജെ.ടി. ഹാൾ

ശ്രീ. എളമരം കരിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനരുദ്ധരിച്ച തിരുവനന്തപുരം വി.ജെ.ടി. ഹാൾ പ്രദർശനവിലംപനകൾക്ക് കൊടുക്കുന്നതുകൊണ്ട് ഹാളിനകം വൃത്തികേടാക്കുന്നതും ഫർണിച്ചർ കേടുവരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം പ്രദർശന വിലംപനകൾക്ക് വി.ജെ.ടി ഹാൾ നൽകുന്നത് നിയമപ്രകാരമാണോ;

(സി) അല്ലെങ്കിൽ ഇത്തരം ആവശ്യങ്ങൾക്ക് ഹാൾ നൽകാതിരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) വി.ജെ.ടി.ഹാൾ സൗജന്യമായി നൽകാറുണ്ടോ;

(ഇ) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി)&(സി) അതെ, നിലവിലുള്ള നിയമപ്രകാരം ടെക്സ്റ്റൽ പുസ്തക പ്രദർശനങ്ങൾക്ക് ഹാൾ അനുവദിക്കാവുന്നതാണ്. ഡിന്നർ, വിവാഹസൽക്കാരം വാണിജ്യ ഉദ്ദേശ്യത്തോടെ നടത്തുന്ന മറ്റു പ്രദർശന വിലംപന മേളകൾ എന്നിവയ്ക്ക് ഹാൾ അനുവദിക്കുന്നതല്ല.

(ഡി)&(ഇ) ഉണ്ട്. 10.10.1983 ലെ ജി.ഒ(എം.എസ്) 324/83/ജി.എ.ഡി. പ്രകാരം സർക്കാർ വകുപ്പുകൾക്കും സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനങ്ങൾക്കും ഹാൾ സൗജന്യമായി അനുവദിക്കാറുണ്ട് സന്നദ്ധ സംഘടനകൾക്കും പട്ടികജാതി- പട്ടികവർഗ്ഗ, വനിത ശിശുക്ഷേമസമിതികൾക്കും വാടക മാത്രം ഇളവ് ചെയ്തു കൊടുക്കുന്നുണ്ട്. ചാരിറ്റബിൾ ആന്റ് വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി ഹാൾ അനുവദിക്കുമ്പോൾ 25 ശതമാനം മുതൽ 50 ശതമാനം വരെ വാടകയിൽ ഇളവ് അനുവദിക്കാറുണ്ട്. കൂടാതെ സർക്കാരിന്റെ വിവേചനാധികാരം ഉപയോഗിച്ച് സാംസ്കാരിക പരിപാടികൾക്ക് ഹാൾ സൗജന്യമായി അനുവദിക്കാറുണ്ട്.

13 (1604) ഫയലിംഗ് സംവിധാനത്തിലെ പരിഷ്കാരങ്ങൾ

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

നിലവിലുള്ള ഫയലിംഗ് സംവിധാനവും ഓഫീസ് ചട്ടങ്ങളും പരിഷ്കരിക്കുവാനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുമോ?

ഉത്തരം

ഇക്കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly